# മഹാത്മാഗാന്ധി സർവ്വകലാശാല

51621/AD B5-1/2025/എ ഡി ബി 5 02.08.2025

## ലേല /ക്വട്ടേഷൻ പരസ്യം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനം ഇപ്പോഴത്തെ നിലയിലും,അവസ്ഥയിലും സർവ്വകലാശാല ആസ്ഥാനത്ത് വച്ച് മുദ്ര വച്ച ക്വട്ടേഷൻ / പരസ്യ ലേലം വ്യവസ്ഥയിൽ വിൽക്കുന്നതാണ്.

**ലേല സ്ഥലം : സർവ്വകലാശാല അസംബ്ലി ഹാൾ 26/08/2025, 2.30 PM**

| ക്രമ നം | വാഹന നം | നിരത ദ്രവ്യം | വാഹന വിവരം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| 1 | KL 05 AC 2437 | 1000/- | മഹീന്ദ്ര ലോഗൻ കാർ<br>മോഡൽ : 2011<br>4 സിലിണ്ടർ<br>5 സീറ്റർ | രജിസ്ട്രേഷൻ കാലാവധി 21.02.2026 വരെ ഇൻഷുറൻസ് കാലാവധി 17.02.2026 വരെ ടാക്സ് കാലാവധി 31.12.2025 വരെ |

## ലേല വ്യവസ്ഥകൾ

1. ക്വട്ടേഷൻ ഫാറം നികുതി ഉൾപ്പെടെ ₹105/-(നൂറ്റിയഞ്ച് രൂപ)നിരക്കിൽ 26/08/2025 ഉച്ചക്ക് 12.00 മണി വരെ സർവ്വകലാശാല ഓഫിസിലെ എഡി ബി 5 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്.ഫാറത്തിന്റെ വില മടക്കി നൽകുന്നതല്ല.ക്വട്ടേഷൻ ഫാറത്തിന്റെ വില സർവ്വകലാശാല ഇ-പേയ്മെന്റ് പോർട്ടൽ വഴി വേണം അടയ്ക്കുവാൻ(epay.mgu.ac.in).
2. രജിസ്റ്റേർഡ് തപാൽ വഴിയോ നേരിട്ടോ ക്വട്ടേഷൻ സർവ്വകലാശാല ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 26/08/2025 ഉച്ചക്ക് 1.00 മണി. ക്വട്ടേഷനുകൾ **"ഡെപ്യൂട്ടി രജിസ്ട്രാർ 2(ഭരണ വിഭാഗം ), മഹാത്മാ ഗാന്ധി സർവ്വകലാശാല ,പി . ഡി ഹിൽസ് പി . ഓ , കോട്ടയം - 686560"** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
3. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ രേഖയുടേയുടെ (ആധാർ) പകർപ്പ് ഹാജരാക്കേണ്ടതാണ് .
4. ക്വട്ടേഷൻ /ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 1000/- രൂപ പണമായി ഒടുക്കേണ്ടതാണ്.
5. നിരത ദ്രവ്യം അടക്കുന്നവരെ മാത്രമേ പരസ്യ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.
6. ലേലം പൂർത്തിയായാലുടൻ ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും കൂടുതൽ

Draft #3 of File 51621/AD B5-1/2025/AD B 5 Approved by ESTATE OFFICER ADMINISTRATION on 02-Aug-2025 08:40 PM - Page 1

തുകക്ക് ക്വട്ടേഷൻ സമർപ്പിച്ച് / ലേലം വിളിച്ച ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയത് സ്ഥിരപ്പെടുത്തുന്നതുമാണ് .

7. വാഹനവും മറ്റ് രേഖകളും മഹാത്മാഗാന്ധി സർവ്വകലാശാല ഓഫിസിൽ (എഡി.ബി5 സെക്ഷൻ) 01/09/2025വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11.00 മണി മുതൽ ഉച്ചക്ക് 2.00 മണി വരെ പരിശോധിക്കാവുന്നതാണ്.
8. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്തു ലേല / ക്വട്ടേഷൻ പരസ്യ നമ്പർ എഴുതേണ്ടതാണ്.
9. ക്വട്ടേഷൻ ഫാറം കൈമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല.ലേലം/ക്വട്ടേഷൻ ലഭിച്ച ആളിന്റെ പേരിൽ മാത്രമേ വാഹനം കൈമാറ്റം ചെയ്യുകയുള്ളൂ.
10. ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയ ശേഷം ടി വാഹനത്തിന്റെ ഉടമസ്ഥാവകാശം ലേലം / ക്വട്ടേഷൻ കൈകൊണ്ടയാളുടെ പേർക്ക് സ്വന്തം ചെലവിൽ 15 ദിവസത്തിനകം മാറ്റേണ്ടതും തുടർന്ന് രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രം വാഹനം വിട്ടു നൽകുന്നതുമാണ് . ലേലം /ക്വട്ടേഷൻ കൈക്കൊള്ളുന്ന ആൾ ലേല സംഖ്യയുടെ 25% അപ്പോൾ തന്നെയും ബാക്കി തുകയും 18% ജി.എസ്.ടി യും ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയതിന് ശേഷവും കെട്ടി വെക്കേണ്ടതാണ് . നിശ്ചിത സമയത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി വാഹനം ഏറ്റെടുക്കാതെ പക്ഷം ലേലം അസ്ഥിരപ്പെടുത്തുന്നതും അതുവരെ അടച്ച തുക സർവ്വകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതുമാണ്.
11. ലേലം /ക്വട്ടേഷനിൽ ഒന്നും രണ്ടും സ്ഥാനക്കാരുടെ ഒഴികെ ബാക്കിയുള്ളവരുടെ നിരത ദ്രവ്യം ഉടൻ തന്നെ തിരികെ നൽകുന്നതാണ്. .
12. ഏതൊരു സാഹചര്യത്തിലും ലേലം / ക്വട്ടേഷൻ നടപടികൾ നിർത്തി വയ്ക്കാൻ രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
13. മതിയായ വില ലഭിക്കുന്നില്ലെങ്കിൽ പുനർ ലേലം പരിഗണിക്കുന്നതാണ്.

ജിംസൺ ജോൺ
എസ്റ്റേറ്റ് ഓഫീസർ
(ഭരണ വിഭാഗം)

പ്രിയദർശിനി ഹിൽസ്

Draft #3 of File 51621/AD B5-1/2025/AD B 5 Approved by ESTATE OFFICER ADMINISTRATION on 02-Aug-2025 08:40 PM - Page 2

Draft #3 of File 51621/AD B5-1/2025/AD B 5 Approved by ESTATE OFFICER ADMINISTRATION on 02-Aug-2025 08:40 PM - Page 3

# മഹാത്മാഗാന്ധി സർവ്വകലാശാല

## ദർഘാസ് ഫോറം

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനം ഇപ്പോഴത്തെ നിലയിലും അവസ്ഥയിലും വാങ്ങുന്നതിനു വേണ്ടി സർവ്വകലാശാല നിബന്ധനകൾക്ക് വിധേയമായി ഞാൻ രേഖപ്പെടുത്തുന്ന തുക.

| നം | വാഹന നം | രേഖപ്പെടുത്തിയ തുക അക്കത്തിൽ | രേഖപ്പെടുത്തിയ തുക അക്ഷരത്തിൽ | ഒപ്പ് |
|---|---|---|---|---|
| 1 | KL 05 AC 2437 മഹീന്ദ്ര ലോഗൻ കാർ | | | |

ലേല വ്യവസ്ഥകൾ ഞാൻ വായിച്ചു ബോധ്യപ്പെട്ടിട്ടുള്ളതും അത് പാലിച്ചുകൊണ്ട് ലേലത്തിൽ പങ്കെടുത്തുകൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

സ്ഥലം :
തീയതി :

ഒപ്പ്:

| |
|---|
| ദർഘാസ് സമർപ്പിക്കുന്ന ആളിന്റെ പേരും അഡ്രസ്സും |
| ...................................................... |
| ...................................................... |
| ...................................................... |
| ...................................................... |
| ഫോൺ നമ്പർ : |